SATHYAM MINISTRIES
WE CARE FOR THE BODY & THE SOUL
ESTD: 1988
www.sathyam.org

# യേശുവിന്റെ ജീവവചനം

25 SEPTEMBER 2025 YESHUVINTE JEEVAVACHANAM PRICE: 25/-

VOL.13 / ISSUE 06 RNI Reg. No. KERMAL/2012/42077 ANNUAL SUBSCRIPTION Rs. 100/-

## വൈ.എം.ഇ.എഫ് ക്യാമ്പ് സമാപിച്ചു



**വയനാട്:** വൈ.എം.ഇ.എഫ് ജനറൽ ക്യാമ്പ് 2025 സെപ്റ്റംബർ 1 മുതൽ 4 വരെ (തിങ്കൾ, ചൊവ്വ, ബുധൻ, വ്യാഴം) എന്നീ തീയതിയിൽ വയനാട് വടുവൻചാൽ ജയലക്ഷ്മി ആഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ടു. “ധൈര്യമുള്ളവരായിരിക്കുക” എന്നതായിരുന്നു ഈ വർ ഷത്തെ ക്യാമ്പിന്റെ തീം. സെപ്റ്റംബർ 1 തിങ്കൾ രാവിലെ 10 മണി മുതൽ 11.15 മണി വരെ ഉദ്ഘാടന സമ്മേളനം നടത്തപ്പെട്ടു. പ്രസ് തുത ക്യാമ്പിൽ സന്ദേശങ്ങൾ, സെക്ഷൻ ക്ലാസുകൾ, മിഷനറി സാക്ഷ്യങ്ങൾ, സംഗീതം, ടാലന്റ് ടൈം എന്നിവ പ്രധാന പരിപാടികളാണ് നടത്തപ്പെട്ടത്. ബ്രദർ ചാണ്ടപ്പിള്ള ഫിലിപ്പ് (കോട്ടയം), ബ്രദർ എബി കെ ജോർജ് (പത്തനംതിട്ട), ബ്രദർ ജോർജ് മാത്യു (മുംബൈ), ബ്രദർ ജയൻ വർഗ്ഗീസ് (മഹാരാഷ്ട്ര), ബ്രദർ റ്റി. ജെ. ജോസഫ് (അൾവാർ) എന്നിവരാണ് ലീഡേഴ്സ്. ഒന്നാം ദിവസത്തിൽ പ്രസ്തുത യോഗത്തിൽ ഇവാ. ജോർജ് മാത്യു രാവിലെ 11.45 മുതൽ 1 മണി വരെയും ഇവാ. ചാണ്ടപ്പിള്ള ഫിലിപ്പ് ഉച്ചക്ക് 2.45 മുതൽ വൈകിട്ട് 4 മണി വരെയും ക്ലാസ്സുകൾ നയിച്ചു. ഇവാ. എബി കെ.ജോർജും ക്ലാസ്സുകൾ നയിക്കുകയുണ്ടായി.

## മിഷനറി ചലഞ്ച് കോൺഫറൻസ് 2025

**കർണാടക:** 2025 ഒക്ടോബർ 1 മുതൽ 4 വരെ ബെഥെസ്ഡ അസംബ്ലി ബാംഗളൂരു വച്ച് മിഷനറി ചലഞ്ച് കോൺഫറൻസ് നടത്തപ്പെടും. ഇവ. ജോൺ കുര്യൻ, ഇവാ. ജോസ് മാത്യു, ബ്രദർ ജെറി ജോർജ് മാത്യു എന്നിവരാണ് പ്രഭാഷകർ. 18 വയസ്സ് മുതൽ 45 വയസ്സ് വരെ പ്രായമുള്ള, വീണ്ടും ജനിച്ചവർക്ക് കോൺഫറൻസിൽ പങ്കെടുക്കാം. സ്നാനമേറ്റവരുമായ സഹോദരിസഹോദരന്മാർക്കുള്ള ശുശ്രൂഷയുടെ പന്ത്രണ്ട് രൂപങ്ങളെക്കുറിച്ചുള്ള ശക്തമായ സന്ദേശങ്ങൾ, അവതരണങ്ങൾ, പാട്ട്, പ്രാർത്ഥന എന്നിവ ഉണ്ടായിരിക്കും. 2025 സെപ്റ്റംബർ 20 നകം സ്കാൻ ചെയ്ത് രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്ട്രേഷൻ ചെയ്യുവാൻ ഫീസ് ഇല്ല. കൂടുതൽ വിവരങ്ങൾക്കായി താഴെ കാണുന്ന നമ്പറിൽ ബന്ധപ്പെടുക: സാമുവൽ പിള്ള-9900951881, ksssblr@gmail.com.

## ബഥേൽ ബ്രദറൺ അസംബ്ലി

**ബീഹാർ:** 2025 സെപ്റ്റംബർ 30 മുതൽ ഒക്ടോബർ 2 വരെ വാർഷിക സമ്മേളനം നടക്കും. ബ്രദർ സ്റ്റീഫൻ ചേരൈൻ (രാജസ്ഥാൻ) ബ്രദർ ജോനാഥൻ (ഹുക്കേരി), ബ്രദർ റോജർ ഇംഗ്ലേഷ് (മഹാരാഷ്ട്ര) എന്നിവരാണ് ദൈവവചനം ശുശ്രൂഷിക്കുന്നത്. ഈ കോൺഫറൻസിൽ ഏകദേശം 170 മുതൽ 200 വരെ വിശ്വാസികൾ പങ്കെടുക്കും. ഭക്ഷണത്തിനും മരം മുറിക്കലിനുമായി 2 ലക്ഷം രൂപ ചെലവാകും. ദയവായി ഏവരും ബഥേൽ ബ്രദറൺ അസംബ്ലിക്കുവേണ്ടി പ്രാർത്ഥിക്കുക.

## സുവിശേഷകൻ ബാലസംഘം മിനി ക്യാമ്പ്

**പുത്തൻകാവ്:** സുവിശേഷകൻ ബാലസംഘം കുമ്പനാട് സെന്റർ നടത്തുന്ന മിനി ക്യാമ്പ് 2025 സെപ്റ്റംബർ 4 വ്യാഴം രാവിലെ 8 മണി മുതൽ വൈകിട്ട് 6 മണി വരെയും പിന്നീട് ശനിയാഴ്ച വൈകുന്നേരം 4 വരെയാണ് ക്യാമ്പ് നടത്തപ്പെട്ടത്. “കൃപയിലും അറിവിലും വളരുക” എന്നതായിരുന്നു പ്രസ്തുത ക്യാമ്പിന്റെ തീം. ബ്രദർ എബ്രഹാം തോമസ് (പുല്ലാട്), ബ്രദർ റെജി കെ. തോമസ് (നെല്ലിയാടി), ഇവാ. ജി. ധർമ്മരാജ് (തൃശൂർ), ബ്രദർ ടൈറ്റസ് ടി. ചാക്കോ (വെണ്ണിക്കുളം) എന്നിവരും ഉണ്ടായിരുന്നു. കൂടാതെ കേന്ദ്ര പ്രവർത്തകർ വിവിധ മന്ത്രാലയങ്ങളെ നയിക്കുകയും ചെയ്തു.



SATHYAM PUBLICATIONS

"Your one-stop destination to indulge in the joy of purchasing your Christian favorite books!"

- COMMENTARIES
- THEOLOGICAL BOOKS
- FAMILY & MARRIAGE BOOKS
- STUDY BIBLES
- TEACHING & DISCIPLESHIP
- MISSIONS
- DEVOTIONAL BOOKS
- FICTION STORY BOOKS
- CHILDREN'S BOOKS

VISIT NOW
THOTTABHAGOM P.O.
THIRUVALLA, KERALA

MORE INFO
9447126182,9446513555
www.sathyam.org

HEAD OFFICE
THOTTABHAGOM P.O
THIRUVALLA-689541
KERALA-INDIA
PHN:+91 9447126182
office@sathyamministry.org

BANGALORE OFFICE
3C,989 HRBR Layout,
First Block - 3rd Cross Street
Bangur Pete Pani Puri-Harmavu Junction
Banaswadi - Bangalore- 560043
PHN:+91 9447126182
office@sathyamministry.org

DELHI OFFICE
ALPHA GARDEN
4A PUSA ROAD
OPP. B.L KAPOOR HOSPITAL
GATE NO.1, KAROL BAGH
NW DELHI 110 005
NEAREST METRO STATION
RAJENDRA PLACE

KOLKATA OFFICE
CIRCULAR ROAD
BAPIST CHAPEL
42/43 AJC BOSE
ROAD
KOLKATA 700 016
703 474 9000

SATHYAM MINISTRIES
WE CARE FOR THE BODY & THE SOUL
ESTD: 1988
www.sathyam.org

*ഡോ. സി.വി. വടവന*
(ചീഫ് എഡിറ്റർ)
*ഇ.എസ്. റെജി*
(സബ് എഡിറ്റർ)
*ഐസക്ക് സി. വടവന*
(മാനേജിംഗ് എഡിറ്റർ)
*ജസ്റ്റിൻ സി. വടവന*
(സർക്കുലേഷൻ മാനേജർ)

**പത്രാധിപ സമിതി**

*എ.വി. ജോൺ*
*ജിജോ അങ്കമാലി*
*ഡോ. സണ്ണി എഴുമറ്റൂർ*
*എൽസി ബേബി*

**ജീവവചനം**

*ഏറ്റവും പ്രചാരമുള്ള*
*ബ്രദറൺ വാർത്താ മാസിക*
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ 100 രൂപ
ആയുഷ്ക്കാല വരിസംഖ്യ
1000 രൂപ
USA $ 150
മറ്റു രാജ്യങ്ങൾ 5000 രൂപ

**വിലാസം**

**ജീവവചനം**
**സത്യം മിനിസ്ട്രീസ്**
**തോട്ടഭാഗം പി.ഒ.**
**തിരുവല്ല - 689541**
**ഫോൺ: 9447126182**

**USA**
Sathyam Ministries Intl.
15918 Hollister St.
Houston, TX 77066
Phone: 346 660 1353,
951 751 6860
Email:
diretor@sathyamministry.org

**AUSTRALIA**
Sathyam Publications
2 Reginald Ave
Arana Hills
4054 Australia
Phone : +61 424877742
Email:
admin@sathyamministry.org

**UAE**
Sathyam Publications
SPC Free Zone, E311,
Sheikh Mohammed Bin
Zayed Rd, Al Zahia,
Sharjah, U.A.E.
PHONE: 971 5047 650 10

# തലക്കുറി

## സുവിശേഷീകരണവും സമൂഹ ഉന്നതിയും

### ബ്രദർ സി.വി. വടവന



ബ്രദറൺ മിഷനറി ആയിരുന്ന ഇ.എച്ച്. നോയലിന് ഭാരതം സുവിശേഷീകരിക്കുക എന്ന ലക്ഷ്യം മാത്രമായിരുന്നില്ല സമൂഹത്തിന്റെ ഉന്നതിയും ലക്ഷ്യമായിരുന്നു. അതു പ്രവർത്തിപഥത്തിലെത്തിച്ചത് ആതുരാലയങ്ങളും, വിദ്യാഭ്യാസസ്ഥാപനങ്ങളും തുടക്കം കുറിച്ചുകൊണ്ട് ആയിരുന്നു. ആ ക്രിസ്തു സ്നേഹി സ്ഥാപിച്ച സ്കൂളുകളുടെ പ്രവർത്തനങ്ങൾ പതിറ്റാണ്ടുകൾ പിന്നിട്ട് ഇന്നും ബ്രദറൺ സമൂഹത്തിന്റെ അഭിമാനസ്തംഭങ്ങൾ ആയി നിലകൊള്ളുന്നത് നമുക്ക് ചാരിതാർത്ഥ്യത്തിന് വക നൽകുന്നു. സഭാകൂടിവരവുകൾക്ക് ഉപകരിക്കുക, വിദ്യാഭ്യാസത്തിലൂടെ ലഭിക്കുന്ന തൊഴിൽ സാദ്ധ്യതകളിലൂടെ സമൂഹത്തിന് സമൂല മാറ്റം ഉണ്ടാക്കിയെടുക്കുക, പിന്നോക്ക വിഭാഗങ്ങളെ ഉദ്ധരിക്കുക എന്നിവയൊക്കെയായിരുന്നു ആ മിഷനറി വര്യൻ ഇതിലൂടെ സ്വപ്നം കണ്ടത്.

എന്നാൽ ദുഃഖകരമെന്ന് പറയട്ടെ: കഴിഞ്ഞ കാലങ്ങളിൽ സമൂഹത്തിന് പ്രകടമായ സംഭാവനകൾ നൽകിയ നമ്മുടെ മിക്ക സ്കൂളുകളും വളരെ പരിതാപകരമായ അവസ്ഥയിലാണ് മുന്നോട്ട് പോകുന്നത്. എൽ.പി., യു.പി, ഹൈസ്കൂൾ, ഹയർസെക്കന്ററി എന്നീ വിഭാഗങ്ങളിലായി ഇപ്പോൾ 18 നോയൽ മെമ്മോറിയൽ സ്കൂളുകൾ നിലവിലുണ്ട്. പല സ്കൂൾ കെട്ടിടങ്ങളും ജീർണാവസ്ഥയിലാണ്. വർഷങ്ങളായി പെയിന്റ് ചെയ്കയോ റിപ്പയർ ചെയ്യുകയോ ചെയ്തിട്ടില്ല. ചോർന്നൊലിക്കുന്ന കെട്ടിടങ്ങൾ, ചിതൽ തിന്നമേൽക്കൂരകൾ, സംരക്ഷിക്കപ്പെടാത്ത പരിസരങ്ങൾ, വൃത്തിഹീനമായ കഞ്ഞിപ്പുരകൾ, വ്യക്തമല്ലാത്ത ബോർഡുകൾ, ഉപയോഗശൂന്യമായ ടോയ്ലറ്റുകൾ എന്നിവയൊക്കെ മിക്ക സ്കൂളുകളിലും കാണാം. സ്കൂൾ കോംമ്പൗണ്ടുകൾക്ക് ചുറ്റുമതിൽ ഇല്ലാത്തതിനാൽ കന്നുകാലികളുടെയും സാമൂഹ്യവിരുദ്ധരുടെയും താവളമായി സ്കൂൾ പരിസരം മാറിയിട്ടുണ്ട്.

പി.ടി. എയുടെയും മാനേജുമെന്റിന്റെയും നിസംഗതയും കെടുകാര്യസ്ഥതയും സ്കൂളിന്റെ പ്രവർത്തനങ്ങളെ താളം തെറ്റിക്കുന്നു. സ്കൂളിലെ കുട്ടികൾക്ക് വാഹന സൗകര്യങ്ങൾ ക്രമീകരിക്കുക, കെട്ടിടങ്ങളുടെയും ഫർണിച്ചറുകളുടെയും കേടുപോക്കുക, യൂണിഫോമും പാഠ്യോപകരണങ്ങളും നൽകുക എന്നീ ആവശ്യങ്ങൾക്ക് അദ്ധ്യാപകരുടെ കയ്യിൽ നിന്നും 9000 മുതൽ 50000 രൂപ വരെ ചിലവഴിച്ചാണ് ഇപ്പോൾ സ്കൂളുകൾ പ്രവർത്തിച്ചു വരുന്നത്. സ്കൂളിനെ സംബന്ധിച്ചുള്ള ശരിയായ വിവരങ്ങൾ യഥാസമയം ഗവർമെന്റ് തലത്തിൽ കൊടുക്കാത്തതിനാൽ അദ്ധ്യാപകർക്ക് ശമ്പളവും മറ്റാനുകൂല്യവും ലഭിക്കാത്ത സാഹചര്യങ്ങൾ ചില സ്കൂളുകളിലുണ്ട്. സമൂഹത്തിലെ ഇടത്തരക്കാരെയും മറ്റുള്ളവരേയും ആകർഷിക്കത്തക്ക നിലവാരം ഇന്ന് മിക്ക സ്കൂളുകൾക്കും ഇല്ല. ദയനീയമായ ഈ ദുഃസ്ഥിതി തുറന്നു പറഞ്ഞാൽ ചിലരെയെങ്കിലും അത് വേദനിപ്പിക്കുന്നതുകൊണ്ട് ഞാൻ അതിന് തയ്യാറാവുന്നില്ല.

എന്തായാലും ഈ ദയനീയ സ്ഥിതിക്ക് ഒരു പരിഹാരം ഉണ്ടാകേണ്ടതില്ലേ! നമ്മുടെ ദൈവത്തിന്റെ നാമം ഉയർന്നു കേൾക്കുവാൻ പര്യാപ്തമായ ഒരു സ്ഥിതി വിശേഷം സംജാതമാക്കുവാൻ നമ്മുടെ പ്രാർത്ഥനയും പരിശ്രമങ്ങളും കൂടിയേ തീരൂ. കലാലയങ്ങളുടെ അന്തസ്സും ആഭിജാത്യവും പുലർത്തിപ്പോരുവാൻ നമ്മുടെ സ്കൂളുകൾക്ക് കഴിയണം. ആയതിനാവശ്യമായ സാഹചര്യം ഉളവാക്കുവാൻ നടത്തുന്ന ഉദ്യമങ്ങളിൽ നമുക്ക് പങ്കുചേരാം.

**- ചീഫ് എഡിറ്റർ**

# വിജയികൾ

**ലേഖനം**
**ഐസക് സാമുവേൽ**

## ആത്മീയ മുന്നേറ്റത്തിന് ഒരു മാർഗ്ഗരേഖ



**സമർപ്പണ ജീവിതത്തിന് ആവശ്യമായ യോഗ്യതകൾ**

യഥാർത്ഥമായി രക്ഷിക്കപ്പെട്ടവരുടെ ജീവിതവും പ്രവൃത്തിയും തമ്മിൽ അന്തരമുണ്ടാകയില്ല. ആധുനിക ലോകത്തിൽ അനേകരും സഭയുടെ ശുശ്രൂഷകളിൽ പങ്കെടുക്കും. രക്ഷിപ്പെട്ടവരാണ് എന്ന ചിന്തയിൽ ജീവിക്കുന്നു. എന്നാൽ അവരുടെ ജീവിതവും പ്രവൃത്തികളും യഥാർത്ഥമായി രക്ഷിക്കപ്പെട്ടവരുടേതിൽനിന്നു വിഭിന്നമാണ്.

ബൈബിൾ മനുഷ്യന്റെ ആരംഭം, വീഴ്ച എന്നീ വിഷയങ്ങൾ വ്യക്തമായി വിവരിക്കുന്നു. ദൈവം മുനഷ്യനെ സൃഷ്ടിച്ചപ്പോൾ പാപരഹിതനായിരുന്നു. എന്നാൽ അവൻ ദൈവകല്പ്പന ലംഘിച്ചപ്പോൾ പാപിയായി തീർന്നു. മനുഷ്യൻ ദൈവത്തിൽ നിന്നു അകന്നു പോയി. ദൈവത്തിൽ നിന്നു അകന്നുപോയ മനുഷ്യൻ പരസ്പരം അകലുവാനും ആക്രമിക്കുവാനും തുടങ്ങി. അങ്ങനെ പാപം ചെയ്തു ദൈവതേജസ് നഷ്ടമാക്കി. പിശാചിന്റെ ദാസനായി തീർന്ന മനുഷ്യന്റെ പാപം വർദ്ധിച്ചുവരുന്നതു നമുക്കു കാണുവാൻ കഴിഞ്ഞു. പാപത്തിന്റെ അനന്തരഫലങ്ങൾ മനുഷ്യൻ കൈവരിക്കുന്ന എല്ലാ നേട്ടങ്ങൾക്കും കളങ്കം ചാർത്തുന്നു. പാപം മനുഷ്യനിൽ നിന്നു സന്തോഷം സമാധാനം ഇവ എടുത്തുകളയുന്നു. പകരം സ്വാർത്ഥത, അഹങ്കാരം, നിഗളം, മത്സരം ഇവ മനുഷ്യനിൽ ഉളവാക്കുന്നു. പാപം മനുഷ്യനു സമ്മാനിച്ചത് ഭയമാണ്. ഭയത്താൽ നിറയപ്പെട്ട മനുഷ്യൻ സ്വന്ത താല്പര്യം സംരക്ഷിക്കുവാൻ അന്യനെ ഉപദ്രവിക്കുവാൻ തുടങ്ങി. പാപം നിമിത്തം എല്ലാവരും ന്യായവിധിയിലാണ്. പാപം നിമിത്തം മനുഷ്യൻ ശാപഗ്രസ്ഥനാണ്. ഈ പാപത്തിൽ നിന്നു മോചനം നല്കുവാൻ കഴിയുന്ന ഏക വ്യക്തി കർത്താവായ യേശുവാണ്. കാരണം പാപം ഇല്ലാത്തവൻ അവൻ മാത്രമാണ്. പാപം ചെയ്ത മനുഷ്യൻ അതിന്റെ ശിക്ഷയായ നരകത്തിലേക്കുള്ള യാത്രയിലാണ്. എന്നാൽ ദൈവം സ്നേഹവാനാണ്. പാപം ക്ഷമിക്കുവാനും പൊറുക്കുവാനും അവിടുന്ന് തയ്യാറാണ്. ദൈവം നമ്മെ സ്നേഹിച്ചു. തന്റെ പുത്രനെ നമ്മുടെ പാപങ്ങൾക്കു പകരമായി ശിക്ഷ അനുഭവിക്കുവാൻ ലോകത്തിലേക്കു അയച്ചു. യേശുവിന്റെ ക്രൂശിലെ മരണം കാരണം നമ്മുടെ പാപത്തിന്റെ ശിക്ഷ ഏറ്റതുകൊണ്ടാണ്. ഈ യേശുവിൽ വിശ്വസിക്കുമ്പോൾ പാപത്തിന്റെ ശിക്ഷയിൽ നിന്നു മോചനം നേടുവാൻ കഴിയുന്നു. ബൈബിൾ വെളിപ്പെടുത്തുന്ന സുവിശേഷം പറയുന്നു ക്രിസ്തുവിൽ വിശ്വസിക്കുന്നവരുടെ പാപത്തിനു മോചനമുണ്ട്. കാരണം ക്രിസ്തു അവരുടെ പാപക്കടം മുഴുവനും കൊടുത്തുവീട്ടി. അങ്ങനെ ദൈവത്തിന്റെ നീതി നിറവേറ്റി പ്രായശ്ചിത്തം കഴിച്ചു.

ഒരാൾ ക്രിസ്തുവിൽ വിശ്വസിച്ചു സമർപ്പിക്കുമ്പോൾ യഥാർത്ഥജീവിതം ആരംഭിക്കുന്നു. ജീവിതത്തിൽ നമുക്കു പല തിരഞ്ഞെടുപ്പുകളുണ്ട്. എന്നാൽ നിത്യതയാകട്ടെ രണ്ടു സ്ഥലങ്ങളാണ്. തിരഞ്ഞെടുക്കുവാൻ നമ്മെ ആഹ്വാനം ചെയ്യുന്നു. അത് സ്വർഗ്ഗമോ നരകമോ ഏതാണ്? ഭൂമിയിലെ ദൈവമായുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിലാണ് നിത്യതയിൽ നിങ്ങൾക്കു ദൈവമായുള്ള ബന്ധം. ദൈവപുത്രനായ യേശുവുമായി ഒരു വ്യക്തിബന്ധത്തിലായാൽ അവനോടൊപ്പം നിത്യതയിൽ ജീവിക്കുവാൻ കഴിയും. എന്നാൽ അവന്റെ സ്നേഹം, പാപക്ഷമ രക്ഷ എന്നിവയെ തിരസ്ക്കരിച്ചാൽ ദൈവത്തെക്കൂടാതെയുള്ള ഒരു നരക നിത്യത അനുഭവിക്കേണ്ടിവരും.

തിരഞ്ഞെടുക്കുവാനുള്ള രണ്ടു മാർഗ്ഗങ്ങളെ ഉള്ളൂ. ഇതിൽ നാം ഏതു തിരഞ്ഞെടുക്കുന്നുവോ അതിന്റെ അടിസ്ഥാനത്തിലാണ് നമ്മുടെ നിത്യത. ലോകത്തിൽ നിന്നു മരിച്ചു മൺമറഞ്ഞുപോയവർ എത്രയോ കോടികളാണ്. ജീവിച്ചിരിക്കുന്ന നാം നമ്മുടെ പാപങ്ങളെ ഓർത്തു അനുതപിച്ച് ജീവിതത്തെ കർത്താവിനു സമർപ്പിച്ചാൽ ആ നിമിഷം തന്നെ നാം ക്രിസ്തുവിനോടുകൂടെ ഉയിർത്തെഴുന്നേല്ക്കുകയാണ് പുതിയ ജീവനിലേക്ക്.

ആധുനിക ലോകം ഭൗതികമായി ജീവിക്കുന്നുണ്ടെങ്കിലും ആത്മീകമായി മരിച്ച അവസ്ഥയിലാണ്. ഇവിടെ ദൈവമക്കളുടെ ഇത്തരവാദിത്തം ആത്മീകമായി മരിച്ച അവസ്ഥയിൽ നിന്നു അവരെ രക്ഷിക്കുക എന്നതാണ്. എഫെസ്യർ 5:14 ൽ പൗലോസ് പറയുന്നു. ഉറങ്ങുന്നവനേ ഉണർന്നു മരിച്ചവരുടെ ഇടയിൽ നിന്നു എഴുന്നേല്ക്ക എന്നാൽ ക്രിസ്തു നിന്റെ മേൽ പ്രകാശിക്കും. മരിച്ചവരുടെ ഇടയിൽ നിന്നു ഉണർന്നു പ്രകാശിക്കുവാനുള്ള ഉത്തരവാദിത്തം നമുക്കുണ്ട്.

# വൈ.എം.ഇ.എഫ് ക്യാമ്പിലെ ചില ദൃശ്യങ്ങൾ






















# ഭയാനകമായ പ്രതിസന്ധിയിലൂടെ

**ജബൽപൂർ:** ജബൽപൂർ ഹൈക്കോടതി താൽക്കാലിക സ്റ്റേ നൽകിയിട്ടും, കോടതിവിധികളെ കാറ്റിൽ പറത്തിക്കൊണ്ട് ഇന്ന് സിഹോറിൽ ഏറ്റവും ഭീകരമായ പദ്ധതി അവിടുത്തെ പ്രാദേശിക ഭരണകൂടം നടപ്പാക്കുക തന്നെ ചെയ്തു. ഇന്ന് പുലർച്ചെ, സിഹോർ മുനിസിപ്പൽ കോർപ്പറേഷന്റെ ഉദ്യോഗസ്ഥർ പോലീസിന്റെയും പൊളിച്ചു മാറ്റൽ സംഘത്തിന്റെയും അകമ്പടിയോടെ സുവി: ജബ്ബാറിന്റെ വസതിയിലെത്തി, കെട്ടിടത്തിന്റെ രണ്ടാം നിലയിലും മുൻവശത്തും "അനധികൃത" നിർമ്മാണം നടത്തി എന്ന് വിശേഷിപ്പിച്ച് കൊണ്ട് പൊളിച്ച് മാറ്റൽ ആരംഭിച്ചു. കോടതി ഉത്തരവ് കൈമാറാൻ അദ്ദേഹത്തിന്റെ മകൻ ആമോസ് മുനിസിപ്പൽ കോർപ്പറേഷന്റെ ഓഫീസിലേക്ക് ചെന്നു എങ്കിലും, അവർ അത് കൈ പറ്റാതെ മുൻകൂട്ടി തയ്യാറാക്കിയ പ്ര വർത്തന പദ്ധതിയുമായി മനഃപൂർവ്വം മു ന്നോട്ട് പോകുകയായിരുന്നു. ഈ നടപടിയിലൂടെ ആരോപിക്കപ്പെട്ട ഭാഗം നീക്കം ചെയ്യുക മാത്രമല്ല, വീടിന്റെ മറ്റ് ഘടനകൾക്കും നാശനഷ്ടങ്ങളും കേടുപാടുകൾ വരുത്തി. പൊളിക്കുന്ന സമയത്ത്, സുവി: ജബ്ബാറിന്റെ മക്കളായ ആമോസും ജോഷ്വയും മാത്രമേ വീട്ടിലുണ്ടായിരുന്നുള്ളൂ, വളരെ പെട്ടെന്നുള്ളതും നിർബന്ധിതവുമായ ഒരു നീക്കത്തിൽ ഈ കൊച്ചു കുട്ടികൾക്ക് സഹിക്കേണ്ടി വന്ന മാനസിക ആഘാതവും ദുരിതവും ചിന്തിക്കുവാൻ കഴിയുന്നതിൽ അപ്പുറം ആയിരിക്കുന്നു.

(തുടർച്ച പേജ് 8)....



സിഹോറിലെ സുവി: ജബ്ബാറിന്റെ വീട് പൊളിക്കലുമായി ബന്ധപ്പെട്ട ദൃശ്യം

## ജീ.ടി.സി.പ്രത്യേക മീറ്റിംഗ്

കർത്താവിൽ പ്രീയ സഹോദരങ്ങളെ, വേഗം വരുന്ന കർത്താവായ യേശുക്രിസ്തുവിന്റെ ധന്യ നാമത്തിൽ സ്നേഹ വന്ദനം.

നമ്മുടെ ജീ.ടി.സി. യുടെ പ്രവർത്തനങ്ങൾ വളരെ അനുഗ്രമായി തുടരുന്നു. ഇതുവരെയുള്ള നിങ്ങളുടെ ഹൃദ്യമായ പ്രാർത്ഥനയ്ക്കും സഹകരണങ്ങൾക്കും വളരെ നന്ദി. പ്രാർത്ഥനയ്ക്കും സ്തോത്രത്തിനും വേണ്ടി ചില കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

1. GTC യിൽ പഠിച്ചു പൂർണ്ണ സമയ സുവിശേഷകന്മാരെ ഓരോരുത്തരായി വിളിച്ചു വളരെ പ്രത്യേക മീറ്റിംഗ് നടത്തി വരുന്നു. നമ്മുടെ കമ്മിറ്റിയിലുള്ള എല്ലാ സഭകളുടെയും ഒന്നിച്ചുള്ള മീറ്റിംഗ് ആയിട്ടാണ് നടക്കുന്നത്.

ഒരെണ്ണം വളരെ അനുഗ്രഹമായി നടന്നു. അന്നേദിവസം എടുക്കുന്ന പ്രത്യേക സ്തോത്രകാഴ്ച ആ ദൈവദാസനുള്ളതാണ്. അടുത്ത മീറ്റിംഗ് ഡിസംബർ 13 ന് നടക്കും.

2. ഒക്ടോബർ 11 ന് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളും അധ്യാപകരും ചേർന്നുള്ള പ്രത്യേക മീറ്റിംഗ് ഉണ്ടായിരിക്കും.
3. 2025 നവംബർ 6 മുതൽ 17 വരെ പച്ഛിമ ബംഗാളിൽ ഗ്രാമ സുവിശേഷ പ്രവർത്തനം നടത്തുന്നതിനുള്ള ക്രമീകരണം നടക്കുന്നു.
4. 2026 മെയ് മാസം ഹിന്ദി ബൈബിൾ കോഴ്സ് ബാൻകുറ എന്ന സ്ഥലത്ത് നടത്തണം.
5. അടുത്ത പുതിയ രണ്ടു വർഷത്തെ ബാച്ച് 2026 ജൂൺ മാസം തുടങ്ങും. വചനം വളരെ കൃത്യമായ നിലയിൽ ക്രമീകൃതമായും പഠിക്കുന്നതിനു താൽപര്യം ഉള്ള ആളുകൾ വരിക. അങ്ങനെയുള്ളവരെ പറഞ്ഞു വിടുക.

എല്ലാറ്റിനും വേണ്ടി പ്രാർത്ഥിക്കുക. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക. ജീ.ടി.സിയ്ക്കു വേണ്ടി സുവി. ഏബ്രഹാം ചെമ്പോല.








# പ്രത്യാശ തീരത്ത്

## ബ്രദർ പി. ഒ. സാമുവൽ




**കുമ്പനാട്:** കുമ്പനാട് ബ്രദറൺ അസംബ്ലിയിലെ മൂപ്പന്മാരിൽ ഒരാൾ ബ്രദർ പി. ഒ.സാമുവൽ (90) സെപ്റ്റംബർ 5 ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ സെപ്റ്റംബർ 11 ന് കുമ്പനാട് ബ്രദറൺ അസംബ്ലി സെമിത്തേരിയിൽ നടത്തി.

**ഭാര്യ:** സിസ്റ്റർ ഏലിയാമ്മ സാമുവൽ.

**മക്കൾ:** സിസ്റ്റർ മറീന ജോൺസൺ & ബ്രദർ ജോൺസൺ ജോർജ്, സിസ്റ്റർ ആനി ബിജി & ബ്രദർ ബിജി ജോർജ്, സിസ്റ്റർ ആശ പി. സാം & ബ്രദർ ജോസഫ് ലിറ്റി ഈസോ, ബ്രദർ സോണി പി. പി സാം & സിസ്റ്റർ ബെറ്റ്സി സോണി സാം.

## ബ്രദർ കെ. ടി. ജേക്കബ്



**മുളന്തുരുത്തി:** മാമല ബ്രദറൺ അസംബ്ലി അംഗം ബ്രദർ കെ. ടി. ജേക്കബ് (75) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ സെപ്റ്റംബർ 6 ന് മാമല ബ്രദറൺ അസംബ്ലി സെമിത്തേരിയിൽ നടത്തി.

## ബ്രദർ ജോർജ് സൈമൺ കെ.



**ഇടയാറന്മുള:** അന്തരിച്ച മഹാകവി ബ്രദർ കെ. വി. സൈമണിന്റെ ചെറുമകൻ, ഇടയാറന്മുള സിഎംസി വെല്ലൂരിലെ അസോസിയേറ്റ് ഡയറക്ടർ ബ്രദർ ജോർജ് സൈമൺ കെ. (82)കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ സെപ്റ്റംബർ 6 ന് ഇടയാറന്മുളയിലെ ബ്രദറൺ സെമിത്തേരിയിൽ നടത്തി.

**ഭാര്യ:** സിസ്റ്റർ അന്നമ്മ സൈമൺ.

**മക്കൾ:** ബ്രദർ ഡോ. എബി സൈമൺ & സിസ്റ്റർ ഡോ. ബെറ്റി സൈമൺ, ബ്രദർ ബിനോ സൈമൺ & സിസ്റ്റർ ഷെബ.

## ബ്രദർ കെ. സി. മാത്യു



**കോട്ടയം:** പാമ്പാടി സേലം ബ്രദറൺ ചർച്ച് അംഗം ബ്രദർ കെ. സി. മാത്യു (92) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ നടത്തി.

**ഭാര്യ:** സിസ്റ്റർ അമ്മിണി മാത്യു.

**മക്കൾ:** ബ്രദർ പരേതനായ ജേക്കബ് മാത്യു, & സിസ്റ്റർ ജിസ്സി, ബ്രദർ വർഗീസ് മാത്യു & സിസ്റ്റർ അനിത വർഗീസ്, ബ്രദർ സൈമൺ കെ. മാത്യു & ഷീജ സൈമൺ, ബ്രദർ ഹാപ്പി മാത്യു & സിസ്റ്റർ ബിൻസി ഹാപ്പി.

## സിസ്റ്റർ സോസമ്മ ഫിലിപ്പ്



**കോട്ടയം:** മുണ്ടത്താനം, കങ്ങഴ ബ്രദറൺ അസംബ്ലി അംഗം സിസ്റ്റർ സോസമ്മ ഫിലിപ്പ് (80) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ സെപ്റ്റംബർ 12 മുണ്ടത്താനം ബ്രദറൺ അസംബ്ലി സെമിത്തേരിയിൽ സംസ്കരിച്ചു.

**മക്കൾ:** സിസ്റ്റർ ജിജി, ബ്രദർ ജിനു ഫിലിപ്പ്, സിസ്റ്റർ സോമിനി തോമസ്, ബ്രദർ ജെമി വർഗീസ്, സിസ്റ്റർ മിനി ഫിലിപ്പ്, ബ്രദർ തോമസ് എം.ജി.

## ബ്രദർ പി.കെ. മത്തായി



**കോട്ടയം:** ഏറ്റുമാനൂർ ബ്രദറൺ ചർച്ച് അംഗം ബ്രദർ പി.കെ മത്തായി (82) സെപ്റ്റംബർ 7 ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ സെപ്റ്റംബർ 12 ന് ഏറ്റുമാനൂർ ബ്രദറൺ അസംബ്ലിയുടെ സെമിത്തേരിയിൽ നടത്തി.

**ഭാര്യ:** പരേതയായ ലീലമ്മ.

**മക്കൾ:** ബ്രദർ ജോബി മാത്യു & സിസ്റ്റർ ജിട്ടു, പരേതനായ ജോമോൻ മാത്യു.

## സിസ്റ്റർ ബ്ലസ്സി സാമുവൽ



**കൊരട്ടി:** സിസ്റ്റർ ബ്ലസ്സി സാമുവൽ (54) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ 2025 സെപ്റ്റംബർ 11 ന് കൊരട്ടി ക്രിസ്ത്യൻ ബ്രദറൺ സെമിത്തേരിയിൽ സംസ്കരിച്ചു.

## സിസ്റ്റർ എലിസബത്ത് യോഹന്നാൻ



**കൊല്ലം:** മണ്ണൂർ ബ്രദറൺ അസംബ്ലി അംഗം സിസ്റ്റർ എലിസബത്ത് യോഹന്നാൻ (84) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ സെപ്റ്റംബർ 6 ന് മണ്ണൂർ ബ്രദറൺ അസംബ്ലിയുടെ സെമിത്തേരിയിൽ സംസ്കരിച്ചു.

## സിസ്റ്റർ ഏലിയമ്മ സാമുവൽ



**മൈലപ്ര:** ഫ്ലോറിഡയിലെ ഫോർട്ട് മയേഴ്സിൽ യുഎസ്എയിലെ ഫ്ലോറിഡയിലെ കേപ് കോറലിലുള്ള ഫെലോഷിപ്പ് ബൈബിൾ ചാപ്പൽ അംഗവും യുഎസ്എയിലെ ന്യൂയോർക്കിലെ ഇന്ത്യാ ഗോസ്പൽ അസംബ്ലിയുടെ മുൻ അംഗം സിസ്റ്റർ ആലിയമ്മ സാമുവൽ (84) കർത്തൃസന്നിധിയൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ സെപ്റ്റംബർ 6 ന് നടത്തി.

**മക്കൾ:** ബ്രദർ ഡോ. തോമസ് & സിസ്റ്റർ മിനി സാമുവൽ, ബ്രദർ സുനിൽ & സിസ്റ്റർ ബ്ലെസി സാമുവൽ, ബ്രദർ അനിൽ & സിസ്റ്റർ റൂബി സാമുവൽ.

## സിസ്റ്റർ ജാൻസി ജോസഫ്




**പറവട്ടാനി:** സിസ്റ്റർ ജാൻസി ജോസഫ് (58) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ പറവട്ടാനി സെമിത്തേരിയിൽ നടത്തി.

**ഭർത്താവ്:** ബ്രദർ ജോസഫ് ആഡംസ് ബി.

**മക്കൾ:** സിസ്റ്റർ ബ്ലെസി, സിസ്റ്റർ സ്റ്റെഫി, ബ്രദർ ബെന്നി.

## ബ്രദർ കുറവക്കൽ മത്തായി ജോൺ



**മുംബൈ:** ബ്രദർ കുറവക്കൽ മത്തായി ജോൺ (97) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ സെപ്റ്റംബർ 7 ന് സെവ്രി ക്രിസ്ത്യൻ സെമിത്തേരിയിൽ നടത്തി.

**ഭാര്യ:** സിസ്റ്റർ പരേതയായ അമ്മിണി ജോൺ.

**മക്കൾ:** സിസ്റ്റർ ഏലിയാമ്മ സാമുവൽ & ബ്രദർ സാം സാമുവൽ, സിസ്റ്റർ മറിയാമ്മ ഷാബു & ബ്രദർ തോമസ് ഷാബു, സിസ്റ്റർ അന്നമ്മ ഷെജി & സിസ്റ്റർ ഷെജി ജോസ്.

## ബ്രദർ മനു കെ. മോഹനൻ



**കല്ലുമുക്ക്:** ചന്തുകാവ് ബ്രദറൺ അസംബ്ലി അംഗം ബ്രദർ മനു കെ. മോഹനൻ (37) സെപ്റ്റംബർ 10 ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ സെപ്റ്റംബർ 12 ന് സ്വവസതിയിൽ സംസ്കരിച്ചു.

**അച്ഛൻ:** ബ്രദർ മോഹനൻ.

**അമ്മ:** സിസ്റ്റർ ലാലി.

**സഹോദരങ്ങൾ:** സിസ്റ്റർ മിനി & ബ്രദർ ഉമേഷ്, ബ്രദർ ആരവ്.


## ബ്രദർ പി. എൽ ജോസ്



**മല്ലപ്പള്ളി:** മല്ലപ്പള്ളി മുരണി ബ്രദറൺ സഭാംഗമായ തുണ്ടിയിൽ ബ്രദർ പി. എൽ. ജോസ് (80) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ സെപ്റ്റംബർ 10 ന് മുരണി ബ്രദറൺ സഭാ സെമിത്തേരിയിൽ ചേർക്കപ്പെട്ടു.

**മകൻ:** ബ്രദർ സണ്ണി.

## ബ്രദർ പി. എം. ജോർജ്



**വയ്യാറ്റുപുഴ:** കുടപ്പനക്കുളം ബ്രദറൺ അസംബ്ലിയിലെ മുതിർന്നവരിൽ ഒരാൾ ബ്രദർ പി. എം. ജോർജ്ജ് (83) സെപ്റ്റംബർ 9 ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ സെപ്റ്റംബർ 12 ന് കുടപ്പനക്കുളം ബ്രദറൺ അസംബ്ലി സെമിത്തേരിയിൽ നടത്തി.

**ഭാര്യ:** സിസ്റ്റർ സാറമ്മ ജോർജ്.

**മക്കൾ:** ബ്രദർ പി.ജി. മാത്യു & സിസ്റ്റർ ജോളി മാത്യു, സിസ്റ്റർ മറിയാമ്മ & ഇവാ. വി. ടി. രവി, ബ്രദർ നിനച്ചൻ & സിസ്റ്റർ അമ്പിളി, സിസ്റ്റർ സൂസമ്മ & ബ്രദർ ബിജു.

## സിസ്റ്റർ ഏലിയമ്മ എബ്രഹാം



**ന്യൂയോർക്ക്:** ന്യൂയോർക്കിലെ എബനേസർ ബ്രദറൺ അസംബ്ലി അംഗം ബ്രദർ എ. പി. എബ്രഹാമിന്റെ ഭാര്യ സിസ്റ്റർ ഏലിയമ്മ എബ്രഹാം (81) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ സെപ്റ്റംബർ 13 ന് ന്യൂയോർക്കിലെ എബനേസർ ബ്രദറൺ അസംബ്ലി ഹാളിൽ നടത്തി.

**മക്കൾ:** സിസ്റ്റർ ഷിനു, ബ്രദർ ബൈൻ.

## ബ്രദർ ബാബു ഫിലിപ്പ്



**മല്ലപ്പള്ളി:** ചക്കനംപൊയ്ക ബ്രദറൺ അസംബ്ലിയിലെ മൂപ്പന്മാരിൽ ഒരാളായ ബ്രദർ ബാബു ഫിലിപ്പ് (62) സെപ്റ്റംബർ 6 ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ സെപ്റ്റംബർ 8 ന് ചക്കനംപൊയ്കയിലെ ബ്രദറൺ സെമിത്തേരിയിൽ നടത്തി.

**ഭാര്യ:** സിസ്റ്റർ മോളി.

**മക്കൾ:** സിസ്റ്റർ നിഷ, ബ്രദർ ജിബിൻ, ബ്രദർ ജെറിൻ.

## ബ്രദർ ജോജി ജേക്കബ്



**ഉത്തർ പ്രദേശ്:** പുനലൂരിലെ പാറയിൽ ഹൗസിൽ പരേതനായ ബ്രദർ പി. ഐ. ജേക്കബിന്റെ മകൻ ബ്രദർ ജോജി ജേക്കബ് (55) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ സെപ്റ്റംബർ 7 ന് യു പി. ത്സാൻസി കന്റോൺമെന്റ് സെമിത്തേരിയിൽ നടത്തി.

**ഭാര്യ:** സിസ്റ്റർ മഞ്ജു ജേക്കബ്.

**മക്കൾ:** ബ്രദർ ജെൻസൺ ജേക്കബ്, ബ്രദർ ബെഞ്ചമിൻ ജേക്കബ്.

## ബ്രദർ ബാബു സക്കറിയ



**ചുരിലിക്കോട്:** നന്നുവാക്കാട് ബ്രദറൺ ചർച്ച് അംഗം ബ്രദർ ബാബു സക്കറിയ (61) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ സെപ്റ്റംബർ 1 ന് നന്നുവാക്കാടുള്ള ബ്രദറൺ ചർച്ച് ഹാളിൽ നടത്തി.

**ഭാര്യ:** സിസ്റ്റർ മിനി ബാബു.

**മക്കൾ:** സിസ്റ്റർ ബിൻസി & ബ്രദർ നോബിൻ, സിസ്റ്റർ ബ്ലെസ്സി.

## ബ്രദർ ഗോപാലകൃഷ്ണൻ



**കാസർഗോഡ്:** കാസർഗോഡ് ബ്രദർ അസംബ്ലി അംഗം ബ്രദർ ഗോപാലകൃഷ്ണൻ 2025 സെപ്റ്റംബർ 9 ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ 2025 സെപ്റ്റംബർ 11 ന് മാങ്കോട് ബ്രദർ സെമിത്തേരിയിൽ സംസ്കരിച്ചു.



# പ്രാർത്ഥന – സഹായം

## പ്രാർത്ഥനാ അഭ്യർത്ഥന

### എമ്മോസ് ബുക്ക് റൂം സ്ഥാപനത്തിനുവേണ്ടി പ്രാർത്ഥിക്കുക

**കുമ്പനാട്:** ക്രൈസ്തവ പുസ്തക വിതരണത്തിൽ ദീർഘനാളുകളായി കുമ്പനാട്ടു പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന എമ്മോസ് ബുക്ക് റൂമിന്റെ സേവന പാതയിൽ 75 വർഷം പിന്നിട്ടു. ഈ ശുശ്രൂഷ ആരംഭിച്ചത് ന്യൂസിലാന്റ്റിൽ നിന്നും കേരളത്തിലേക്ക് വന്ന മിസ്സിആന്റി ആണ്. 35 വർഷം മുമ്പ് മിസ്സി ആന്റി തന്റെ ജന്മസ്ഥലത്തേക്ക് മടങ്ങിയതിന് ശേഷവും ഇതിന്റെ പ്രവർത്തനങ്ങൾ അനുഗ്രഹകരമായി തുടരുവാൻ ദൈവം കൃപ ചെയ്തു. കഴിഞ്ഞ നാളുകളിൽ എല്ലാവരും കാണിച്ച സ്നേഹത്തിനും സഹകരണത്തിലും നന്ദി അറിയിക്കുന്നു. തുടർന്നും എല്ലാവരുടേയും പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിക്കുന്നു.

### ബ്രദർ പി.കെ.കുഞ്ഞുമോനുവേണ്ടി പ്രാർത്ഥിക്കുക

**ഗുജറാത്ത്:** ബ്രദർ പി.കെ.കുഞ്ഞുമോനുവേണ്ടി പ്രാർത്ഥിക്കുക. ഗുജറാത്തിലെ ഉംബർഗാവ് അസംബ്ലി അംഗം ബ്രദർ കുഞ്ഞുമോൻ (67) താനെയിലെ ബെഥനി ആശുപത്രിയിൽ ഒരു ട്യൂമറിന് രണ്ട് പ്രധാന ന്യൂറോ സർജറിക്ക് വിധേയനായി. തുടർന്നു അദ്ദേഹം ബാംഗ്ലൂരിലെ പാലിയേറ്റീവ് കെയർ സെന്ററിലായിരുന്നു, പിന്നീട് അവിടെ നിന്ന് അദ്ദേഹത്തെ ഡിസ്ചാർജ് ചെയ്യതു. അദ്ദേഹത്തിനു വേണ്ടി ആത്മാർത്ഥമായ പ്രാർത്ഥിച്ച എല്ലാവർക്കും അദ്ദേഹം നന്ദി അറിയിച്ചു, ആയതിനാൽ അദ്ദേഹത്തിന് പുരോഗതിയുണ്ട്, പക്ഷേ പൂർണ്ണമായ സുഖം പ്രാപിക്കാൻ കുറച്ച് മാസങ്ങൾ കൂടി എടുക്കും. തുടർന്നും ഏവരും പ്രാർത്ഥിക്കുക.

### ബ്രദർ പി.ഐ. വർഗീസ്, ചെങ്ങന്നൂർ

**ചെങ്ങന്നൂർ:** ബ്രദർ പി. ഐ. വർഗീസിനുവേണ്ടി പ്രാർത്ഥിക്കുക. ശാലോം ബ്രദറൺ അസംബ്ലിയിലെ മൂപ്പന്മാരിൽ ഒരാളായ വെൻമണി ബ്രദർ പി. ഐ. വർഗീസ് (ജോയ്- 82) ശാരീരിക ബുദ്ധിമുട്ടുകൾ കാരണം തിരുവല്ലയിലെ ബിലീവേഴ്സ് മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഐസിയുവിൽ പ്രവേശിപ്പിച്ചു. നിലവിൽ അദ്ദേഹത്തിന് ന്യൂമോണിയ ബാധിച്ചു. വേഗത്തിലും പൂർണ്ണമായും സുഖം പ്രാപിക്കാൻ ഏവരും പ്രാർത്ഥിക്കുക.

### ബ്രദർ എം.പി. ചാക്കോ, പത്തനംതിട്ട

**പത്തനംതിട്ട:** ബ്രദർ എം.സി. ചാക്കോയ്ക്കുവേണ്ടി പ്രാർത്ഥിക്കുക. ചിറ്റാർ കുടപ്പനക്കുളം ബ്രദറൺ അസംബ്ലി അംഗം ബ്രദർ എം. സി. ചാക്കോ (77) മൂന്ന് വർഷം മുമ്പ് ഒരു പക്ഷാഘാതം വന്നു, അത് അദ്ദേഹത്തിന്റെ ഇടതുവശം തളർത്തി. തുടർന്നു കഴിഞ്ഞ ഒരു വർഷമായി അദ്ദേഹത്തിന് നെഞ്ചുവേദന കാരണം പത്തനംതിട്ട ജനറൽ ആശുപത്രിയിലെ കാർഡിയോളജി ഐസിയുവിൽ പ്രവേശിപ്പിച്ചു.അദ്ദേഹത്തിനു വേണ്ടി പ്രാർത്ഥിക്കുക.

### സിസ്റ്റർ ജിജി രാജനുവേണ്ടി പ്രാർത്ഥിക്കുക

**കാഞ്ഞിരപ്പള്ളി:** സിസ്റ്റർ ജിജി രാജനുവേണ്ടി പ്രാർത്ഥിക്കുക. പാറത്തോട് എബനേസർ ബ്രദറൺ അസംബ്ലി അംഗം സിസ്റ്റർ ജിജി രാജ് (49) അക്യൂട്ട് മൈലോയ്ഡ് ലുക്കീമിയയുടെ നാലം ഘട്ടത്തിലാണ്, പ്രാഥമിക ചികിത്സ കാഞ്ഞിരപ്പള്ളി മേരി ക്വീൻസ് ആശുപത്രിയിലും നിലവിൽ തിരുവനന്തപുരത്തെ ആർസിയിലേക്ക് പ്രവേശിപ്പിച്ച് തുടർന്ന് ചികിത്സിക്കും. വേഗത്തിലും പൂർണ്ണമായും സുഖം പ്രാപിക്കാൻ ഏവരും പ്രാർത്ഥിക്കുക.

### ശസ്ത്രക്രിയ്ക്കുവേണ്ടി പ്രാർത്ഥിക്കുക

**തൃശൂർ:** ബ്രദർ ബിജു പി. സൈമണിനുവേണ്ടി പ്രാർത്ഥിക്കുക. ചേലക്കോട്ടുകര ബ്രദറൺ അസംബ്ലി അംഗമായ ബ്രദർ ബിജു പി. സൈമൺ സെപ്റ്റംബർ 10 ന് വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയക്കുവേണ്ടി തൃശൂർ വെസ്റ്റ് ഫോർട്ട് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. വിജയകരമായ ശസ്ത്രക്രിയ്ക്കും വേഗത്തിലുള്ള രോഗശാന്തിക്കും വേണ്ടി എല്ലാവരും പ്രാർത്ഥിക്കുക.

## പ്രാർത്ഥനയ്ക്ക് നന്ദി, തുടർന്നും പ്രാർത്ഥിക്കുക

### ബ്രദർ ജോജെൻ മാത്യു, മൈലപ്ര

**മൈലപ്ര:** ബ്രദർ ജോജെൻ മാത്യുവിനുവേണ്ടി പ്രാർത്ഥിക്കുക. ബ്രദർ ജോജെൻ മാത്യുവിനു വിജയകരമായ ശസ്ത്രക്രിയ്ക്ക് ശേഷം സിഎംസി ആശുപത്രിയിൽ നിന്ന് ഡിസ്ചാർജ് ചെയ്യതു. അദ്ദേഹത്തിനുവേണ്ടി പ്രാർത്ഥിച്ച എല്ലാവർക്കും നന്ദി അറിയിക്കുന്നു. യുടിഐ അണുബാധയുണ്ടായതിനാൽ ചികിത്സ തുടുരുകയാണ്. തുടർന്നും പൂർണ്ണമായ രോഗശാന്തിക്കായി ദയവായി ഏവരും പ്രാർത്ഥിക്കുക.

### സിസ്റ്റർ ഷേർലി ബാബു, തിരുവനന്തപുരം

**തിരുവനന്തപുരം:** തിരുവനന്തപുരം കുന്നുകുഴി അസംബ്ലി അംഗം സിസ്റ്റർ ഷേർലി ബാബുവിന് കാൻസർ ബാധിക്കുകയും നിലവിൽ പൂർണ്ണമായും രോഗം ഭേദമാവുകയും ചെയ്തു. ബ്രദർ ചന്ദ്രബാബുവും കുടുംബാംഗങ്ങളും അവരുടെ ചികിത്സയ്ക്കായി പ്രാർ ത്ഥിച്ച എല്ലാവർക്കും ആത്മാർത്ഥമായ നന്ദി അറിയിച്ചു.

### ജനറൽ ക്യാമ്പ്

ദൈവനാമം വാഴ്ത്തപ്പെടുമാറാക്കട്ടെ, നാം ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്ത ജനറൽ ക്യാമ്പ് വളരെ നന്നായി നടക്കുവാൻ തക്കവണ്ണം വലിയവനായ ദൈവം കൃപ നൽകി. കടന്നുവന്ന മിക്കപേരും ക്യാമ്പ് വളരെ അനുഗ്രഹകരമായിരുന്നു എന്ന് അഭിപ്രായപ്പെടുകയുണ്ടായി. 400 പേരോളം ക്യാമ്പിൽ പങ്കെടുത്തു. അത് ഒക്കെയും സാധ്യമായത് പ്രീയപ്പെട്ട ദൈവജനത്തിന്റെ വിലയേറിയ പ്രാർത്ഥനയും സഹായസഹകരണവും ഉണ്ടായിരുന്നതുകൊണ്ടാണ്. പ്രീയ സഹോദരനും ഈ കാര്യത്തിനുവേണ്ടി പ്രാർത്ഥിക്കുകയും സഹായസഹകരണങ്ങൾ ചെയ്തതിനും ദൈവനാമത്തിൽ നന്ദി പറയുന്നു. തുടർന്നും പ്രവർത്തനങ്ങളെ പ്രാർത്ഥനയിൽ ഓർക്കണമേ.-ജേക്കബ് പി. മാത്യു: 9847000691.

## ബ്രദർ ശോഭിരാജും മകൻ ഷാരോണിനുവേണ്ടിയും പ്രാർത്ഥിക്കുക.

**തിരുവനന്തപുരം:** ബ്രദർ ശോഭിരാജും മൂത്തമകൻ ഷാരോണിനുവേണ്ടിയും പ്രാർത്ഥിക്കുക. സെപ്റ്റംബർ 3 ന് ബ്രദർ ശോഭിരാജും മകൻ ഷാരോണും ഒരു മോട്ടോർ സൈക്കിൾ അപകടത്തിൽ പെട്ടു. ബ്രദർ ഷാരോണിന് തലയ്ക്ക് ഗുരുതരമായി പരിക്കേറ്റു കാട്ടാക്കടയിലുള്ള മെഡിസിറ്റി ആശുപത്രിയിലെ ഐസിയുവിലേക്ക് പ്രവേശിപ്പിച്ചു. ബ്രദർ ശോഭിരാജിന് കാൻസർ രോഗത്തെ തുടർന്ന് അടിയന്തര ശസ്ത്രക്രിയ നടത്താൻ ആവശ്യമില്ലെന്ന് ഡോക്ടർമാർ ഇപ്പോൾ അറിയിച്ചു. അദ്ദേഹത്തിന്റെ മകൻ ഷാരോൺ രക്തം ഛർദ്ദിച്ചു, കൂടാതെ മുഖത്ത് എട്ട് ഒടിവുകളുണ്ട്. വീക്കം കുറഞ്ഞതിനുശേഷം മാത്രമേ ഓറൽ, മാക്സിലോഫേഷ്യൽ സർജറി നടത്താൻ കഴിയൂ. ഇത് വളരെ ചെലവേറിയതാണ്. ചികിത്സയ്ക്കായി കുടുംബത്തിന് സാമ്പത്തിക സഹായം ആവശ്യമായതിനാൽ വിശ്വാസികളോടും അസംബ്ലികളോടും ഈ കുടുംബത്തെ അവരുടെ പരിതാപകരമായ അവസ്ഥയിൽ സഹായിക്കാൻ അഭ്യർത്ഥിക്കുന്നു. കൂടുതൽ വിവരങ്ങൾക്കായി താഴെ കാണുന്ന നമ്പറിൽ ബന്ധപ്പെടുക: സിസ്റ്റർ ലത ശോഭിരാജ്-8086276281.



## ബ്രദറൺ ബിലീവേഴ്സ് കാമ്പസ് ട്രസ്റ്റ്

**കല്ലിശ്ശേരി:** ബിബിസി ട്രസ്റ്റ് ഓഡിറ്റോറിയത്തിന്റെ നവീകരണം 1991 മുതൽ ആയിരുന്നു. 2025 സെപ്റ്റംബർ 11 ന് ഓഡിറ്റോറിയത്തിന്റെ നവീകരണം വ്യാഴം രാവിലെ 9.30 ന് ചെറിയ പ്രാർത്ഥനാ യോഗത്തോടെ ആരംഭിച്ച് 10.30 ന് അവസാനിച്ചു. കർത്താവിന്റെ ദാസനായ ബ്രദർ ഡോ. കെ. സി. ജോൺസൺ (മാവേലിക്കര) ദൈവവചനം ശുശ്രൂഷിച്ചു.

## ഫാമിലി കോൺഫറൻസ് 2025

**ജയ്പൂർ :** 2025 സെപ്റ്റംബർ 29,30, ഒക്ടോബർ 1 തീയതികളിൽ ഫാമിലി കോൺഫറൻസ് ഗ്രേസ് മണ്ഡപ്, ജയ്പ്പൂർ വച്ച് നടത്തപ്പെടും. ബ്രദർ തോമസ് മാത്യുവും, ബ്രദർ പഞ്ചനൻ പോളുമാണ് ഈ വർഷത്തെ പ്രഭാഷകർ. "ദൈവത്തിന്റെ ഭവനം" എന്നതാണ് കോൺഫറൻസിന്റെ തീം. തെക്കൻ ഒഡീഷയിലെ അംഗങ്ങളുടെ കുടുംബസംഗമവും ഉണ്ടായിരിക്കും.

## പ്രാർത്ഥനാ സംഗമം

**കട്ടപ്പന:** സുവിശേഷകൻ ബാലസംഘം അവതരിപ്പിക്കുന്ന ജനറലിന്റെയും ഹൈറേഞ്ച് ഡിവിഷന്റെ യും സഹകരണത്തിൽ പ്രാർത്ഥനാ സംഗമം 2025 സെപ്റ്റംബർ 16 രാവിലെ 11 മണി മുതൽ ഉച്ച ക ഴിഞ്ഞ് 3 വരെ കട്ടപ്പന ബ്രദറൺ ചർച്ചിൽ വച്ച് നടത്തപ്പെട്ടു. ഇവാ. തോമസ് മാത്യു മുഖ്യ സന്ദേശവും നൽകി.

## മാസവേല മാസയോഗം അങ്കമാലി

**അങ്കമാലി:** മദ്ധ്യകേരളത്തിലെ 150-ൽ അധികം സഭകളുടെ സഹകരണത്തിൽ നടത്തപ്പെടുന്ന പ്രവർത്തനം 2025 സെപ്റ്റംബർ 12,13 (വെള്ളി, ശനി) ദിവസങ്ങളിൽ അങ്കമാലി കിഴക്ക് ബ്രദറൺ ചർച്ചിന്റെ സഹകരണത്തിൽ മാസവേല മാസയോഗം നടത്തപ്പെട്ടു. സെപ്റ്റംബർ 12 വെള്ളി ദിവസത്തിൽ രാവിലെ 9.30 മുതൽ ഉച്ചക്ക് 12.30 വരെ ഭവനസന്ദർശനവും, ഉച്ച കഴിഞ്ഞ് 3 മണി മുതൽ വൈകിട്ട് 4.30 വരെ പ്രാർത്ഥനയും ബൈബിൾ ക്ലാസ്സും, വൈകിട്ട് 4.30 മുതൽ 6.30 വരെ പരസ്യയോഗവും, വൈകിട്ട് 7 മണി മുതൽ രാത്രി 9 മണി വരെ രാത്രി യോഗവും എന്നിവ മാസവേല ശുശ്രൂഷകൾ വിവിധ സമയങ്ങളിൽ നടത്തപ്പെട്ടു. സെപ്റ്റംബർ 13 ശനി ദിവസത്തിൽ രാവിലെ 10 മണി മുതൽ ഉച്ചക്ക് 1 മണി വരെ പാട്ട്, സാക്ഷ്യം, വചനശുശ്രൂഷയും മാസയോഗം നടത്തപ്പെട്ടു. ബൈബിൾ ക്ലാസ്സ്, രാത്രി യോഗം, മാസയോഗം എന്നീ ശുശ്രൂഷകളിൽ ബ്രദർ ടി. പി. കനകരാജ് വചനശുശ്രൂഷ നിർവ്വഹിച്ചു.

## ബൈബിൾ ക്ലാസ്സ്

**ആലത്തൂർ:** ആലത്തൂർ ബ്രദറൺ സഭയുടെ ചുമതലയിൽ നടത്തപ്പെടുന്ന ബൈബിൾ ക്ലാസ്സുകൾ 2025 സെപ്റ്റംബർ 5,6,7 തീയതികളിൽ വൈകിട്ട് 6.30 മുതൽ രാത്രി 8.30 വരെ ആലത്തൂർ ബ്രദറൺ സഭാഹാളിൽ വച്ച് നടത്തപ്പെട്ടു. "വിശ്വാസിയും വേർപാടും" എന്ന വിഷയത്തെ ആസ്പതമാക്കിയാണ് ക്ലാസ്സുകൾ നടന്നത്. സുവി. റ്റി. പി. കനകരാജ് (ബാലരാമപുരം) ആണ് ബൈബിൾ ക്ലാസ്സുകൾ നയിച്ചത്.

## ലഹരി വിരുദ്ധ സുവിശേഷ പ്രഘോഷണവും സംഗീത വിരുന്നും

**കൊല്ലം:** എണ്ണയ്ക്കാട് ബ്രദറൺ ചർച്ചിന്റെ ഓൾ ഫോർ തി ലോഡ് മിനിസ്ട്രി ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ 2025 സെപ്റ്റംബർ 9-ാം തീയതി രാവിലെ 8 മണി മുതൽ വൈകിട്ട് 7 മണി വരെ കൊല്ലം ജില്ലയിലെ അച്ചൻകോവിൽ, മുതുമല, ചെമ്പനരുവി, മൂന്നുമുക്ക് കുഴിഭാഗം, പത്തനാപുരം, കലവൂർ, ഓലപ്പാറയും സമീപ പ്രദേശത്തിലും സുവിശേഷ പ്രഘോഷണം നടത്തപ്പെട്ടു.

## സോദരി സമാജം

**കല്ലിശ്ശേരി:** വള്ളികുന്നം അസംബ്ലിയുടെ ചുമതലയിൽ സോദരി സമാജത്തിന്റെ സമ്മേളനം വള്ളികുന്നം ബ്രദറൺ അസംബ്ലി ഹാളിൽ വച്ച് 2025 സെപ്റ്റംബർ 12 വെള്ളി രാവിലെ 10 മണി മുതൽ 1 മണി വരെ നടത്തപ്പെട്ടു.

## ഏകദിന സുവിശേഷ പ്രവർത്തനം

**മഹാഗണി:** ഹോസ്പിറ്റൽ മിനിസ്ട്രീസിന്റെ ആഭിമുഖ്യത്തിലും ചല്ലിമുക്ക് മഹാഗണി ക്രിസ്ത്യൻ ബ്രദറൺ ചർച്ചിന്റെ സഹകരണത്തിലും 2025 സെപ്റ്റംബർ 17 ബുധനാഴ്ച രാവിലെ 9 മണി മുതൽ വൈകിട്ട് 8.30 വരെ ഏകദിന സുവിശേഷ പ്രവർത്തനം നടത്തപ്പെട്ടു. ബ്രദർ രാജൻ തോമസാണ് (അടൂർ) സുവിശേഷ പ്രവർത്തനത്തിൽ സന്ദേശം നൽകിയത്. പ്രസ്തുത യോഗത്തിൽ ഭവന സന്ദർശനം, പരസ്യ യോഗം, രാത്രി യോഗം, ഗാനശുശ്രൂഷ എന്നി വയും ഉണ്ടായിരുന്നു. രാത്രിയോഗം വൈകിട്ട് 6.30 മുതൽ 8.30 വരെ ചല്ലിമുക്ക് മഹാഗണി ക്രിസ്ത്യൻ ബ്രദറൺ ചർച്ചിൽ നടത്തപ്പെട്ടു. ഹോസ്പിറ്റൽ മിനിസ്ട്രീസ് ടീ മാണ് ഗാനശുശ്രൂഷ നിർവ്വഹിച്ചത്.

## സുവിശേഷ യോഗം ഐവർകാല

**ഐവർകാല:** 2025 സെപ്റ്റംബർ 12, 13 തീയതികളിൽ വൈകിട്ട് 6.30 മുതൽ 8.30 വരെ സൗത്ത് കടമ്പനാട് ഐവർകാല ബ്രദറൺ അസംബ്ലിയിൽ വച്ച് സുവിശേഷ യോഗം നടത്തപ്പെട്ടു. സുവി. ഷൈജു യോഹന്നാൻ (പുയപ്പള്ളി), ബ്രദർ ജോബി ജോയി (മൈലം) എന്നിവർ പ്രസംഗിച്ചു.

## പ്രത്യേക യോഗം

**കുന്നുക്കുഴി:** 2025 ഒക്ടോബർ 10 വെള്ളി മുതൽ 12 ഞായർ വരെ കുന്നുക്കുഴി ബ്രദറൺ അസംബ്ലി ഹാളിൽ വച്ച് പ്രത്യേക യോഗം നടത്തപ്പെടും. ഇവാ. പി. എസ്. തമ്പാൻ (റാന്നി) പ്രസ്തുത യോഗത്തിൽ പ്രധാന സന്ദേശം നല്കും. ചർച്ച് ഗായകസംഘം സംഗീതശുശ്രൂഷ നിർവ്വഹിക്കും.

## ഏകദിന സമ്മേളനം ഊരുട്ടമ്പലം

**ഊരുട്ടമ്പലം:** സുവിശേഷകൻ ബാലസംഘം തിരുവനന്തപുരം സെന്റർ നടത്തുന്ന ഏകദിന സമ്മേളനം 2025 ഒക്ടോബർ 20 തിങ്കൾ രാവിലെ 9 മണി മുതൽ വൈകിട്ട് 4 മണി വരെ ഊരുട്ടമ്പലം വാ സന്തി ആഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെടും.

## ബൈബിൾ ക്ലാസ്സ്

**കല്ലിശ്ശേരി:** 2025 സെപ്റ്റംബർ 15, 16, 17 (തിങ്കൾ, ചോവ്വ, ബുധൻ ) എന്നീ തീയതികളിൽ ബിബിസി ഓഡിറ്റോറിയം കല്ലിശ്ശേരി വച്ച് വൈകുന്നേരം 6.30 മുതൽ രാത്രി 8 വരെ ബൈബിൾ ക്ലാസ്സ് നടത്തപ്പെട്ടു. ബ്രദർ ജോസ് മാത്യൂസ് (മംഗലൂർ) ആണ് ഈ വർഷത്തെ പ്രഭാഷകർ.

## സോദരി ക്യാമ്പ്

**പത്തനംതിട്ട:** 2025 സെപ്റ്റംബർ 5,6 തീയതികളിൽ പത്തനംതിട്ട ഗോസ്പെൽ ഹാൾ സുവിശേഷാലയത്തിൽ വച്ച് സോദരി ക്യാമ്പ് നടത്തപ്പെട്ടു. ബ്രദർ സന്തോഷ് തോമസും സിസ്റ്റർ റിനു സന്തോഷ് എന്നിവരാണ് ദൈവവചന ശുശ്രൂഷിച്ചത്. "വീട്ടുജോലിക്കാർ" എന്നതാണ് ഈ വർഷത്തെ ക്യാമ്പ് തീം.

## തലമുറകളുടെ സംഗമം

**പുത്തൻകാവ്:** സുവിശേഷകൻ ബാലസംഘം അവതരിപ്പിക്കുന്ന തലമുറകളുടെ സംഗമം 2025 നവംബർ 6,7,8 (വ്യാഴം,വെള്ളി,ശനി) എന്നീ തീയതിയിൽ എസ്.ബി.എസ്. ക്യാമ്പ് സെന്ററിൽ വച്ച് നടത്തപ്പെടും. നാളെയുടെ വാഗ്ദാനങ്ങൾക്കുവേണ്ടി സമർപ്പിതരായ വ്യത്യസ്ത തലമുറകളിൽപ്പെട്ട ദൈവജനം ഒത്തുചേരുന്നു. ഇന്നലകളിലെ ദൈവീക കരുതലിനു നന്ദി പറയുന്നതിനായി, ഇന്നിന്റെ വെല്ലുവിളികൾ തിരിച്ചറിയുന്നതിനായി, നാളകളിലെ ദൗത്യം രൂപപ്പെടുത്തുന്നതിനായി എന്ന ആശയത്തെ ആസ്പതമാക്കിയാണ് ചർച്ചകൾ, സെമിനാറുകൾ, പ്രസന്റേഷൻസ്, വർക്ക്ഷോപ്പുകൾ നടത്തപ്പെടുന്നത്.

## ത്രിദിന വേദപഠനം

**മംഗലത്തുകോണം:** 2025 സെപ്റ്റംബർ 12,13,14 (വെള്ളി,ശനി,ഞായർ)എന്നീ തീയതികളിൽ വൈകുന്നേരം 6 മണി മുതൽ 8.45 വരെ മംഗലത്തുകോണം ബ്രദറൺ സഭാഹാളിൽ വച്ച് ത്രിദിന വേദപഠനം നടത്തപ്പെട്ടു. പ്രസ്തുത യോഗത്തിൽ സുവിഷേശകന്മാരായ ഇട്ടി സാം (മുതുകാട്), എ. അനിലൻ (മണലി), ഡോ. കെ. സി. ജോൺസൺ (മാവേലിക്കര) എന്നിവരുടെ ദൈവവചന ശുശ്രൂഷയും ഉണ്ടായിരിക്കും. സുവി. കെ. ജി. ജോളി (കോവിലൂർ)യുടെ ഗാന ശുശ്രൂഷയും ഉണ്ടായിരിന്നു. കൂടാതെ വെള്ളി, ശനി, ദിവസങ്ങളിൽ പകൽ ക്രമീകരിച്ചിരിക്കുന്ന സുവിശേഷ പ്രവർത്തനങ്ങളിൽ സഹോദരന്മാർ കടന്നുവന്ന് സംബന്ധിക്കണമെന്ന് കർത്തൃനാമത്തിൽ ഓർപ്പിക്കുന്നു.

## സുവിശേഷ മഹായോഗവും സംഗീത വിരുന്നും

**മുതുവല്ലൂർക്കോണം:** 2025 സെപ്റ്റംബർ 19,20,21 എന്നീ തീയതികളിൽ സുവിശേഷ മഹായോഗവും സംഗീത വിരുന്നും വൈകുന്നേരം 6 മണി മുതൽ 9 മണി വരെ മുതുവല്ലൂർക്കോണം (വെടിവച്ചാൻ കോവിൽ) വച്ച് നടത്തപ്പെട്ടു. ഇവാ. കെ വി തോമസ് (കോട്ടയം), ഇവാ. ടൈറ്റസ് (ഇടയാറന്മുള), ഇവാ. സജു റ്റി പോൾ തിരുവനന്തപുരം) എന്നിവരാണ് പ്രസംഗിച്ചത്. എസ്. എം. വോയസ് അവതരിപ്പിക്കുന്ന ഗാനശുശ്രൂഷയും ഉണ്ടയിരുന്നു.

## ബ്രദറൺ സംയുക്ത കൺവൻഷൻ

**തെള്ളിയൂർ :** 2026 ഫെബ്രുവരി 3 ചൊവ്വ മുതൽ 8 ഞായർ വരെ നോയൽ ബ്രദറൺ കൺവൻഷൻ സെന്ററിൽ വച്ച് ബ്രദറൺ സംയുക്ത കൺവൻഷൻ നടത്തപ്പെടും. ബ്രദർ അലക്സ് ശമുവേൽ (തിരുവനന്തപുരം), സുവിശേഷകന്മാരായ ഡാനിയേൽ വർഗ്ഗീസ് (പുനലൂർ), ജോൺ വർഗ്ഗീസ് (കൊട്ടാരക്കര), ചാണ്ടപ്പിള്ള ഫിലിപ്പ് (കോട്ടയം), എബി. കെ. ജോർജ് (മല്ലശ്ശേരി) എന്നിവരാണ് കൺവൻഷനിലെ പ്രസംഗകർ.

## ദ്വിദിന ബൈബിൾ ക്ലാസ്

**വെളിയംകോട്:** വെളിയംകോട് ബ്രദറൺ സഭ ഒരുക്കുന്ന ദ്വിദിന ബൈബിൾ ക്ലാസ് 2025 സെപ്റ്റംബർ 12,13 (വെള്ളി,ശനി) തീയതികളിൽ വൈകുന്നേരം 6.30 മുതൽ 9.00 വരെ വെളിയംകോട് വച്ച് ബൈബിൾ ക്ലാസ് നടത്തപ്പെട്ടു. "പോർക്കളത്തിലെ ആയുധങ്ങൾ" എന്നതാണ് ഈ വർഷത്തെ ബൈബിൾ വിഷയം. സുവി. ഗോഡ് സൺ പി. എസ്. (കുട്ടമല) തിരുവചന ശുശ്രൂഷിച്ചു.

## ഏകദിന സമ്മേളനവും അവാർഡ് ദാനവും

**അങ്കമാലി:** എസ്.ബി.എസ്. വാളകം സെന്റർ നടത്തുന്ന ഏകദിന സമ്മേളനവും അവാർഡ് ദാനവും 2025 ഒക്ടോബർ വ്യാഴം രാവിലെ 9 മണി മുതൽ വൈകിട്ട് 5 മണി വരെ അങ്കമാലി കിഴക്കേ ബ്രദറൺ സഭാഹാളിൽ വച്ച് നടത്തപ്പെടും. പ്രസ്തുത യോഗത്തിൽ സംഗീതാഭ്യസനം, വേദപഠന ക്ലാസ്സുകൾ, പൊതുസമ്മേളനം, എസ്.ബി.എസ്. മെറിറ്റ് എക്സലെൻസ് അവാർഡ്ദാനം, എസ്.ബി.എസ് ബൈബിൾ ക്വിസ് 2025 ഫലപ്രഖ്യാപനവും സമ്മാനദാനവും എന്നിവയാണ് പ്രധാന കാര്യപരിപാടികൾ. സുവിശേഷകന്മാരായ ചാണ്ടപ്പിള്ള ഫിലിപ്പ്( കോട്ടയം), ഗോഡ്സൺ വാലയിൽ (വയനാട്) എ ന്നിവരാണ് ലീഡേഴ്സ്. കൂടുതൽ വിവരങ്ങൾക്കായി താഴെ കാണുന്ന നമ്പറിൽ ബന്ധപ്പെടുക:ബ്രദർ ഗോഡ്ലി ജേക്കബ് (പ്രസിഡന്റ്) :9446929673, ബ്രദർ മാത്യു പ്രസാദ് (സെക്രട്ടറി): 7034533777, ബ്രദർ പോൾ ടിസ (ട്രഷറാർ): 9400058069.

SATHYAM MINISTRIES
WE CARE FOR THE BODY & THE SOUL
ESTD: 1988
www.sathyam.org

# യേശുവിൻ്റെ ജീവവചനം

25 SEPTEMBER 2025 YESHUVINTE JEEVAVACHANAM

Licence No :KL/TLA/WPP/192/2024-26 RNI Reg. No. KERMAL/2012/42077 Postal Reg.No:KL/TLA/236/2024-26

## അക്ഷരത്തിലൂടെ ആത്മാക്കൾ

## ബ്രദറൺ ഗോസ്പൽ ഫെലോഷിപ്പ് ധ്യാനയോഗം



ബ്രദർ സാം ഫിലിപ്പ് പൊട്ടക്കുളത്തിൻ്റെ വസതിയിൽ നടന്ന ബ്രദറൺ ഗോസ്പൽ ഫെലോഷിപ്പ് റാന്നിയുടെ ധ്യാനയോഗത്തിൽ സംബന്ധിച്ച സുവിശേഷകന്മാരും സഹോദരന്മാരും.

## ഏകദിന യുവജന സമ്മേളനവും കുടുംബ സംഗമവും

**പാലേമോട്:** എസ്.ബി.എസ് നിലമ്പൂർ സെൻ്ററും വൈ.എം.ഇ.എഫ് മലപ്പുറം യൂണിറ്റും സംയുക്തമായി ക്രമീകരിക്കുന്ന ഏകദിന യുവജന സമ്മേളനവും കുടുംബ സംഗമവും 2025 സെപ്റ്റംബർ 13 ശനി പാലേമോട് ബ്രദറൺ അസംബ്ലി വച്ച് നടത്തപ്പെട്ടു. രാവിലെ 9.30 മുതൽ ഉച്ച കഴിഞ്ഞ് 3.30 വരെയാണ് സമ്മേളനവും കുടുംബ സംഗമവും നടത്തപ്പെട്ടത്. ബ്രദർ രാജൻ തോമസ് (അടൂർ), ബ്രദർ മിനോയ് തോമസ് (ഗുഡല്ലൂർ), ബ്രദർ റ്റിജുമോൻ ചാക്കോ (പള്ളിക്കുത്ത്) എന്നിവരാണ് പ്രസ്തുത സമ്മേളനത്തിൽ ശുശ്രൂഷിച്ചത്.

## സുവിശേഷയോഗവും സംഗീതവിരുന്നും

**തിരുവനന്തപുരം:** 2025 സെപ്റ്റംബർ 18, 19 എന്നീ തീയതികളിൽ സുവിശേഷയോഗവും സംഗീതവിരുന്നും വൈകിട്ട് 4 മണി മുതൽ 8 മണി വരെ തിരുവനന്തപുരം ഗാന്ധി പാർ വച്ച് നടത്തപ്പെട്ടു. ഇവാ. പി.വി. രാജു, ഇവാ. കുഞ്ഞുമോൻ (തോട്ടപ്പള്ളി), ബ്രദർ ഡോ. ബീം മാത്യു, ഇവാ. റോയ് സക്കറിയ, ഇവാ. സണ്ണി തോമസ് എന്നിവർ പ്രസ്തുത യോഗത്തിൽ പ്രസംഗിച്ചു. ഗാനശുശ്രൂഷ ബ്രദർ ജസ്റ്റിൻ ജെ, ബ്രദർ എഴുക്കീൽ, ബ്രദർ സജീവൻ (ഏലപ്പാറ), ബ്രദർ ഹരികുമാർ, സിസ്റ്റർ എഞ്ചൽ റോസ് എന്നിവരാണ് നിർവ്വഹിച്ചത്.

## പ്രത്യേക മീറ്റിംഗുകൾ

**ആന്ധ്ര പ്രദേശ്:** 2025 സെപ്റ്റംബർ 29, 30 (തിങ്കൾ, ചൊവ്വ) പ്രത്യേക മീറ്റിംഗുകൾ ഷാരോൺ പ്രെയർ ബൊമ്മനംപാട് ഹാളിൽ വച്ച് നടത്തപ്പെടും. രാവിലെ 10 മണി മുതൽ ഉച്ചകഴിഞ്ഞ് 2 മണി വരെയും പിന്നീട് വൈകുന്നേരം 7 മണിക്ക് മീറ്റിംഗ് ഉണ്ടായിരിക്കും. സുവിശേഷകരന്മാരായ രാജൻ തോമസ്(കേരളം), പ്രകാശ് രാജ്(കർണൂൽ), ഭവാനി ശങ്കർ (വിശാഖപ്പട്ടണം), വിനീൽകുമാർ (വിവർത്തകൻ) എന്നിവരാണ് പ്രഭാഷകർ. ബ്രദർ സി. എച്ച്. തിമോത്തി ദൈവവചന ഗാനശുശ്രൂഷിക്കും. കൂടുതൽ വിവിരങ്ങൾക്കായി ബന്ധപെടുക: 6305369799.

(തുടർച്ച പേജ് 4)....

ഈ നടപടി നിയമപരമായി തടയാൻ കഴിയുമായിരുന്നോ ഇല്ലയോ എന്നത് സൂക്ഷ്മപരിശോധന ആവശ്യമുള്ള വിഷയമാണ്. സുവി: ജബ്ബാറും കുടുംബവും കടന്നുപോകുന്ന ഈ ഭയാനകമായ പ്രതിസന്ധിയുടെ വേളയിൽ ദൈവജനത്തിൻ്റെയും സ്ഥലം സഭകളുടെയും അതിശ്രദ്ധ ഏറിയ പ്രാർത്ഥന അപേക്ഷിക്കുന്നു.

## ഏകദിന സമ്മേളനം കോഴിക്കോട്

**കോഴിക്കോട്:** എസ്.ബി.എസ് വൈ.എം.ഇ.എഫ് കോഴിക്കോട് സെൻ്ററുകളുടെ സംയുക്ത ആഭിമുഖ്യത്തിൽ ഏകദിന സമ്മേളനം സെപ്റ്റംബർ 13 ശനി കോഴിക്കോട് ബ്രദറൺ സഭാ ഹാളിൽ വച്ച് നടത്തപ്പെട്ടു. രാവിലെ 9.30 മുതൽ വൈകിട്ട് 4 മണി വരെയാണ് സമ്മേളനം നടത്തപ്പെട്ടത്. സുവി. ബിനു സാമുവേലും, സുവി. ധർമ്മരാജ് ജി. ആണ് പ്രസ്തുത സമ്മേളനത്തിൻ്റെ ലീഡേഴ്സ്.

## സുവിശേഷ യോഗങ്ങൾ

**ആന്ധ്ര പ്രദേശ്:** 2025 ഒക്ടോബർ 1,2,3 (ബുധൻ,വ്യാഴം,വെള്ളി) തീയതികളിൽ രാവിലെ 10 മണിക്കും, ഉച്ച്ക്ക് 2.30 നും, രാത്രി 7 മണിക്കും ആന്ധ്രപ്രദേശ് ബെരാച്ച ക്രിസ്ത്യൻ അസംബ്ലി വച്ച് സുവിശേഷ യോഗങ്ങൾ നടത്തപ്പെടും. ബ്രദർ എം. എ. പോൾ ഗാന്ധി, ബ്രദർ രാജൻ തോമസ്, ബ്രദർ പ്രകാശ് രാജു, ബ്രദർ വി നീൽകുമാർ എന്നിവാരാണ് പ്രസംഗകർ. കൂടുതൽ വിവരങ്ങൾക്കായി ബന്ധപ്പെടുക:8333807882, 9000497817, 94402640.

JUSTIN'S HOME
DISABILITY CENTER
Justin's Home



WE CARE FOR BODY AND SOUL

SPECIAL FEATURES

Specially Trained Teachers | Specially Doctors | Special Education
Qualified, Experienced & Committed Staff | Occupational Therapy
Special Attention to each Student | Extra Curricular Activities
Vocational Training & Counselling | Free Education & Care
Specially Designed Classrooms | Visiting Teachers from Abroad
School Bus Facility | Serene Campus | Innovative Curriculam
Physiotherapy | Speech Therapy | Attravtive Toys for childern
Interactive Electronic Games (Wii) | Creative Play | Sensory Room
NIOS Examination | Guidance & Support for Parents | Music & Band
Audio Visual Aids | Well- Equipped Physio GYM | Workshop & Seminars

How can you be a Partner in the Works of JUSTIN'S HOME?

- Your Prayerand Support Needed for Someone Who is Special.
- Sponsor Childer's Orthotics and Mobility Aids.
- Sponsor the Purchase of School Bus.
- Donate Generously Towards the Purchase of Suitable Land for Various projects under Justin's home.
- Contributetoward the Development of Building and Infrastructure.

Kaviyoor P. O Thiruvalla - 689582
Ph: 944 6513 555, 994 7119 040
justinshome@sathyam.org, sathyam.org

Printed & Published by SAM.C.VADAVANA and Owned by CHACKO VARGHESE VADAVANA and Printed at Sathyam Press, Manackachira, Thottabhagom.P.O., Thiruvalla , District Pathanamthitta, Kerala and published at Thottabhagom, Thiruvalla, Yesvinte Jeevavachanam,Thottabhagom P.O.,Thiruvalla-689541, District-Pathanamthitta, Kerala.
Editor: DR.CHACKO VARGHESE VADAVANA.